# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.10.2025**

## പ്രധാനവാർത്തകൾ

1. സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷിക ദിനത്തിൽ പട്ടേൽ സ്മരണയിൽ രാജ്യം. സർദാർ പട്ടേലിന്റെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി രാഷ്ട്രപതി ദ്രൗപദി മുർമു.
2. ഏക്താ ദിനത്തിൽ രാജ്യമെമ്പാടും വിപുലമായ പരിപാടികൾ. രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾക്ക് അതീതമായി രാജ്യത്തെ ഒന്നിച്ച് നിർത്തിയത് ഇന്ത്യയുടെ സംസ്കാരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. കേരളപ്പിറവി ദിനാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. കേരളപ്പിറവിദിനത്തിൽ പ്രത്യേക നിയമസഭാ സമ്മേളനം ചേരും. അതിദാരിദ്ര്യ മുക്ത കേരളം പ്രഖ്യാപനവും നാളെ.
4. -സിബിഎസ്ഇ 10, 12 ക്ലാസ് പരീക്ഷകൾ അടുത്ത വർഷം ഫെബ്രുവരി 17-ന് ആരംഭിക്കും.
5. ഇന്ത്യൻ ഹോക്കി ഇതിഹാസവും ഒളിംപ്ക്സ് മെഡൽ നേടിയ ആദ്യ മലയാളിയുമായ മാനുവൽ ഫ്രെഡറിക് അന്തരിച്ചു.

RNU TVPM

**6. ഇന്ത്യ - ഓസ്ട്രേലിയ ടി - 20 പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് മെൽബണിൽ.**

❁❁❁❁❁❁❁❁❁❁❁❁❁

## സർദാർ പട്ടേൽ - ദേശീയം

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ന്യൂഡൽഹിയിലെ പട്ടേൽ ചൗക്കിൽ സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുഷ്പാർച്ചന നടത്തി. രാജ്യനിർമിതിയിൽ സർദർ പട്ടേൽ നൽകിയ നേതൃത്വം വിലമതിക്കാനാവത്തതാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ അനുസ്മരിച്ചു. ദേശീയോത്ഗ്രഥനം, സദ്ഭരണം, പൊതുസേവനം എന്നിവയോടുള്ള സർദാർ പട്ടേലിന്റെ അചഞ്ചലമായ പ്രതിബദ്ധത തലമുറകളെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പിഎം ഏകതാ(ഇൻട്രോ)

രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾക്ക് അതീതമായി രാജ്യത്തെ ഒന്നിച്ച് നിർത്തിയത് ഇന്ത്യയുടെ സംസ്കാരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ ഏകതാ നഗറിൽ ഏകതാദിന

ആഘോഷ പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

വിവേചനരഹിതവും അഴിമതിരഹിതവുമായ കേന്ദ്രസർക്കാരിന്റെ നയങ്ങളാണ് ദേശീയ ഐക്യത്തെ ശക്തിപ്പെടുത്തുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. ( **വോയിസ്....)**
ഏകതാ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ പ്രധാനമന്ത്രി തുടർന്ന് നടന്ന പരേഡ് വീക്ഷിച്ചു. കേരളം ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ നിന്നുള്ള പോലീസ് സേനകളും എൻസിസി കേഡറ്റുകളും പരേഡിൽ പങ്കെടുത്തു. "നാനാത്വത്തിൽ ഏകത്വം" എന്ന ആശയത്തിൽ, 10 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള നിശ്ചല ദൃശ്യങ്ങൾ പരേഡിന് മാറ്റു കൂട്ടി.

RNU TVPM

**ഏകതാ-കേരളം**

ഏകതാ ദിനത്തോടനുബന്ധിച്ച് കേരളത്തിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് കവടിയാർ വിവേകാനന്ദ പ്രതിമക്ക് സമീപത്തു നിന്ന് ആരംഭിച്ച പദയാത്ര ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ്ഗ് ഓഫ് ചെയ്തു. കൊച്ചി വെളിയനാട് ചിന്മയ വിശ്വ വിദ്യാപീഠത്തിൽ നടന്ന യുണിറ്റി മാർച്ചിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുത്തു. കേരള പോലീസും സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിച്ചു.

കൊല്ലത്ത് നടന്ന കൂട്ടയോട്ടത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളും, പോലീസ് സേനാംഗങ്ങളും പങ്കെടുത്തു. പത്തനംതിട്ട ജില്ലാതല പദയാത്ര പത്തനംതിട്ട ടൗൺ സ്വയറിൽ നിന്ന് ആരംഭിച്ച് കാതോലിക്കറ്റ് ഹയർസെക്കൻ്ററി സ്കൂളിൽ സമാപിച്ചു. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലും 'റൺ ഫോർ യൂണിറ്റി' സംഘടിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഏക്താ ദിവസ് പ്രതിജ്ഞാ എടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**കേരളപ്പിറവി ദിനം**

ഐക്യകേരളം രൂപീകരിച്ച് 69 വർഷം നാളെ പൂർത്തിയാകും. കേരളപ്പിറവി ദിനത്തിൽ മലയാളദിന ഭരണ ഭാഷാവാരാഘോഷത്തിൻ്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും. അധ്യാപികയും അക്ഷരശ്ലോക പ്രഗത്ഭയുമായ സരസമ്മ കെ.കെ, സാഹിത്യ നിരൂപകൻ എം. എം. ബഷീർ എന്നിവരെ ചടങ്ങിൽ ആദരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**അതിദാരിദ്ര്യ മുക്ത സംസ്ഥാനം**

അതിദാരിദ്ര്യ മുക്ത സംസ്ഥാനമായി കേരളത്തെ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ പ്രഖ്യാപിക്കും. തിരുവനന്തപുരം

PNUTVPM

സെൻട്രൽ സ്റ്റേഡിയത്തിൽ വൈകിട്ട് നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ മുഖ്യാതിഥികളാവും. സംസ്ഥാനത്തെ 59,277 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചാണ് ഈ ലക്ഷ്യം കൈവരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭാ സമ്മേളനം

കേരളപ്പിറവിദിനമായ നാളെ നിയമസഭയുടെ പ്രത്യേകസമ്മേളനം ചേരും. ഇത് സംബന്ധിച്ച വിജ്ഞാപനമിറങ്ങി. തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി നടക്കുന്ന സമ്മേളനം എന്ന പ്രത്യേകതയുമുണ്ട്. പതിനഞ്ചാം നിയമസഭയുടെ പതിനഞ്ചാം സമ്മേളനമാണ് ചേരുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പിഎം ശ്രീ-പ്രതികരണം

പി.എം ശ്രീയിൽ നിന്നും പിന്മാറാനുള്ള സംസ്ഥാനത്തിന്റെ തീരുമാനം കാപട്യമാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. ധാരണാപത്രത്തിൽ ഒപ്പിട്ട ശേഷം പിന്മാറാൻ നൽകുന്ന കത്തിന് കടലാസിന്റെ വില മാത്രമാണുള്ളതെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. അതേസമയം, ഒപ്പു വച്ച ധാരണാപത്രത്തിൽ നിന്നും പിന്മാറുന്നത് സംബന്ധിച്ച കൂടുതൽ

വിശദാംശങ്ങൾ മന്ത്രിസഭാ ഉപസമിതി പരിശോധിക്കുമെന്ന് സിപിഐ എം ജനറൽ സെക്രട്ടറി എം.എ ബേബി പറഞ്ഞു.

**സിബിഎസ്ഇ**

സിബിഎസ്ഇ 10, 12 ക്ലാസ് പരീക്ഷാ തീയതികൾ പ്രഖ്യാപിച്ചു. 2026 ഫെബ്രുവരി 17-ന് പരീക്ഷകൾ ആരംഭിക്കുമെന്ന് സിബിഎസ്ഇ അറിയിച്ചു.

**ആശാസമരം**

PNU TVPM

സെക്രട്ടറിയേറ്റിനു മുന്നിൽ ആശ പ്രവർത്തകർ നടത്തി വന്നിരുന്ന രാപകൽ സമരം അവസാനിപ്പിക്കാൻ തീരുമാനം. നാളെ സമരപ്രതിജ്ഞയോടെ, സെക്രട്ടറിയേറ്റിനു മുന്നിൽ 265 ദിവസമായി തുടർന്നുവന്ന പ്രതിഷേധം അവസാനിപ്പിക്കും. എന്നാൽ സർക്കാർ അംഗീകരിക്കാത്ത മറ്റ് ആവശ്യങ്ങൾ ലഭിക്കുന്നത് വരെ ജില്ലാ തലങ്ങളിലേക്ക് സമരം വ്യാപിപ്പിക്കുമെന്നും ആശാ പ്രവർത്തകർ അറിയിച്ചു..

**ഉപരാഷ്ട്രപതി**

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ തിങ്കളാഴ്ച കേരളം സന്ദർശിക്കും. കൊല്ലം ഫാത്തിമ മാത നാഷനൽ കോളജ്

ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ഉപരാഷ്ട്രപതി ആയ ശേഷമുള്ള ശ്രീ സി.പി രാധാകൃഷ്ണൻറെ ആദ്യ കേരള സന്ദർശനമാണിത്..

☸☸☸☸☸☸☸☸☸☸☸☸☸

**എയർ മാർഷൽ നർമ്മദേശ്വർ തിവാരി**

ലക്ഷദ്വീപ്, മിനികോയ് ദ്വീപുകളിലെ സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് വ്യോമസേനാ ഉപമേധാവി എയർ മാർഷൽ നർമ്മദേശ്വർ തിവാരി. തിരുവനന്തപുരത്ത് വ്യോമസേനയ്ക്ക് വേണ്ടിയുള്ള ഡ്രോൺ പ്രദർശനത്തെ കുറിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അവശ്യ വസ്തുക്കളുടെയും, സാധനങ്ങളുടെയും കൈമാറ്റം എളുപ്പത്തിലാക്കുകയാണ് ഇതിൻ്റെ ലക്ഷ്യം. മിനിക്കോയിയിൽ ഒരു വിമാനത്താവളം കൂടി നിർമിക്കാൻ പദ്ധതിയുണ്ടെന്നും വ്യോമസേനാ ഉപമേധാവി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

**ഉദയാസ്തമയ പൂജ-ഗുരുവായൂർ**

ഗുരുവായൂർ ക്ഷേത്രത്തിൽ വൃശ്ചിക മാസത്തിലെ ഏകാദശി ദിനത്തിൽ തന്നെ ഉദയാസ്തമന പൂജ നടത്താൻ സുപ്രീംകോടതി ഉത്തരവ്. ഭക്തരുടെ തിരക്കും സൗകര്യവും അനുസരിച്ച് ആചാരങ്ങൾ മാറ്റാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കി. ഡിസംബർ ഒന്നിനാണ് ഈ വർഷത്തെ ഗുരുവായൂർ ഏകാദശി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**തൃശ്ശൂർ (ഇൻട്രോ)**

കാടിൻറെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ മൃഗങ്ങൾ സ്വതന്ത്രമായി വിഹരിക്കുന്ന വിസ്മയ ലോകമൊരുക്കുകയാണ് തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്ക്. സ്കൂൾ, കോളേജ് വിദ്യാർഥികൾക്ക് മാത്രമായി നാളെ മുതൽ പ്രവേശനം ആരംഭിക്കും.

***ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്....***

***(വോയിസ്)***

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ദിരാഗാന്ധി ചരമവാർഷികം**

മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 41-ാാം ചരമ വാർഷിക ദിനം ഇന്ന്. ഇന്ദിരാഗാന്ധി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ ശക്തി സ്ഥലിൽ കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവർ സ്മരണാഞ്ജലി അർപ്പിച്ചു. തിരുവനന്തപുരം കെപിസിസി ആസ്ഥാനത്ത് ഇന്ദിരാഗാന്ധിയുടെ ചരമ വാർഷികവും സർദാർ വല്ലഭായ് പട്ടേലിന്റെയും മുൻ

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെയും ജന്മവാർഷികത്തിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**മാനുവൽ ഫ്രെഡറിക്**

ഇന്ത്യൻ ഹോക്കിയിലെ ഇതിഹാസ താരവും ഒളിംപ്ക്സ് മെഡൽ നേടിയ ആദ്യ മലയാളിയുമായ മാനുവൽ ഫ്രെഡറിക് അന്തരിച്ചു. അർബുദ രോഗബാധയെ തുടർന്ന് ബംഗളൂരുവിൽ ചികിത്സയിലിരിക്കെ ഇന്ന് രാവിലെയായിരുന്നു അന്ത്യം. 78 വയസായിരുന്നു. ഭൗതികശരീരം നാളെ ബംഗ്ളൂരിൽ സംസ്കരിക്കും.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യ ഓസ്ട്രേലിയ T 20**

ഇന്ത്യ ഓസ്ട്രേലിയ T - 20 പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന്. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിലാണ് മത്സരം. ഇന്നത്തെ മത്സരത്തിൽ മലയാളി വിക്കറ്റ് കീപ്പർ സഞ്ജു സാംസൺ കളിക്കാനിറങ്ങും. പരമ്പരയിൽ ആകെ അഞ്ച് മത്സരങ്ങളാണ് ഉള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ഏകദിന ലോകകപ്പ്

വനിതാ ഏകദിന ലോകകപ്പ് സെമിയിൽ ഓസ്ട്രേലിയയെ 5 വിക്കറ്റിന് തോൽപിച്ച് ഇന്ത്യ ഫൈനലിൽ. ഓസീസ് ഉയർത്തിയ 339 റൺ വിജയലക്ഷ്യം 48.3 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. ജമീമ റോഡ്രിഗ്സിന്റെ സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ ജയം. നവംബർ 2-ന് മുംബൈയിൽ നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയാണ് ഇന്ത്യയുടെ എതിരാളി.

❁❁❁❁❁❁❁❁❁❁❁❁❁

## സൈ- ഹണ്ട്

സൈബർ സമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള കേരള പൊലീസിന്റെ ഓപ്പറേഷൻ സൈ- ഹണ്ടുമായി ബന്ധപ്പെട്ടുള്ള പരിശോധനയിൽ തട്ടിപ്പ് പണം കൂടുതലുമെത്തുന്നത് വിദ്യാർത്ഥികളുടെ അക്കൗണ്ടികളിലേക്കെന്ന് കണ്ടെത്തൽ. പരിശോധനയ്ക്കിടെ കൊച്ചിയിൽ പിടിയിലായ മൂന്ന് പേരും വിദ്യാർത്ഥികളാണെന്ന് കൊച്ചി സിറ്റി പൊലീസ് കമ്മീഷ്ണർ പുട്ട വിമലാദിത്യ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## ആകാശവാണി സംഗീതസമ്മേളനം

67-ാമത് ആകാശവാണി സംഗീത സമ്മേളനം അടുത്ത മാസം 2 മുതൽ 29 വരെ രാജ്യത്തെ 24 കേന്ദ്രങ്ങളിൽ

RNU TVPM

സംഘടിപ്പിക്കും. പ്രസാർ ഭാരതിയും, കേന്ദ്ര സാംസ്കാരിക മന്ത്രാലയവും സംയുക്തമായിയാണ് പരിപാടി സംഘടിപ്പിക്കുന്നതെന്ന് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെ സമ്പന്നമായ സംഗീത പൈതൃകം സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ജനപ്രിയമാക്കുന്നതിലും ആകാശവാണി സംഗീത സമ്മേളനം നിർണായക സംഭാവനകൾ നൽകിയിട്ടുണ്ട്.

RNU TVPM